(ബി) കേരള സർവ്വകലാശാലയുടെ അംഗീകാരത്തോടെ കിറ്റ്സ് നടത്തുന്ന എം.ബി.എ. (ടൂറിസം&ട്രാവൽ) കോഴ്സിന്റെ സിലബസ് ഈ വർഷം പരിഷ്കരിക്കുകയുണ്ടായി. കിറ്റ്സ് നടത്തുന്ന മറ്റ് കോഴ്സുകൾ ടൂറിസം ഇൻഡസ്ട്രിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച് കാലാകാലങ്ങളിൽ പരിഷ്കരിക്കാറുണ്ട്.

ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ വിദ്യാഭ്യാസ യോഗ്യത

225 (8286) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിമാരായി വിവിധ ജില്ലകളിൽ സേവനമനുഷ്ഠിക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരിൽ എത്രപേർ ടൂറിസം ഡിപ്ലോമയോ ഡിഗ്രിയോ പാസായിട്ടുള്ളവരാണെന്ന് പറയാമോ ;

(സി) വിനോദസഞ്ചാരമേഖലയുടെ വിവിധ സാധ്യതകൾ പഠിക്കുകയും പ്രസ്തുത മേഖയിൽ മെച്ചപ്പെട്ട വിദ്യാഭ്യാസ യോഗ്യതകൾ നേടുകയും ചെയ്തവരെ ഡി.റ്റി.പി.സി. സെക്രട്ടറിമാരായി നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ; ഇപ്രകാരം വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ ഇത്തരം പദവികളിൽ നിയമിക്കുന്നതുകൊണ്ടാണ് ടൂറിസം മേഖലയിൽ ആവശ്യമായ പുരോഗതി നേടാത്തതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 3-2-2010-ലെ സ.ഉ.(എംഎസ്.) നമ്പർ 23/10/ടൂറിസം പ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരെയാണ് ഡി.റ്റി.പി.സി. സെക്രട്ടറിമാരായി നിയമിച്ചിരിക്കുന്നത്. നിശ്ചയിക്കപ്പെട്ട യോഗ്യതയിൽ ചില ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly